# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 342 | 27-09-2016-ൽ മറുപടിക്ക്

## ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി.രാജേഷ് | ശ്രീ. ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി) |
| (എ) ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) കണ്ണൂർ ജില്ലയിൽ തലശ്ശേരി, കണ്ണൂർ, തളിപറമ്പ് എന്നീ താലൂക്കുകളിലൂടെയാണ് പൈപ്പ്ലൈൻ വിന്യസിക്കുന്നത്. ജില്ലയിൽ പൈപ്പ്ലൈൻ വിന്യസിക്കേണ്ട 83.7 കി.മി. ദൈർഘ്യമുള്ള ഭൂമിയുടെ P&MP Act സെക്ഷൻ 3(1), 6(1) എന്നിവ പ്രകാരമുള്ള വിജ്ഞാപനങ്ങൾ കേന്ദ്ര ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. ജില്ലയിൽ അഞ്ച് SV സ്റ്റേഷനുകൾക്കും ഒരു IP സ്റ്റേഷനും വേണ്ടി സ്ഥിരമായി ഭൂമി ഏറ്റെടുക്കുന്ന നടപടികളിൽ മൂന്ന് SV സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള നടപടി പൂർത്തിയാക്കി ഗെയിൽ ഏറ്റെടുത്തിട്ടുണ്ട്. ഭൂമിയുടെ നഷ്ടപരിഹാരത്തുക നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ കലക്ടറുടെ സാന്നിദ്ധ്യത്തിൽ പലവട്ടം ചർച്ചകൾ നടത്തിയിട്ടുണ്ട്. മഹസർ തയ്യാറാക്കുന്ന ജോലികൾ നടന്നു വരുന്നു. ആകെയുള്ള 83.7 കി.മീറ്ററിൽ 54.05 കി.മി. മഹസർ പൂർത്തിയായി. പൈപ്പ് സ്ഥാപിക്കുന്നതിനുള്ള പുനർ ടെൻഡർ (ഗ്ലോബൽ) ക്ഷണിക്കുകയും, കോൺട്രാക്ടറെ നിയമിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരികയും ചെയ്യുന്നു. വാൽവ് സ്റ്റേഷനുകൾക്കുള്ള സ്ഥലപരിവർത്തനത്തിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. പദ്ധതിക്കാവശ്യമായ പൈപ്പുകൾ, വാൽവുകൾ മുതലായവ വിവിധ യാർഡുകളിൽ എത്തിച്ചേർന്നിട്ടുണ്ട്. |

(ബി) ജനങ്ങളുടെ ആശങ്ക ദൂരീകരിക്കുന്നതിനും അവർക്ക് മതിയായ നഷ്ട പരിഹാരം നൽകുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

(ബി) പൈപ്പ് ലൈൻ മണ്ണിനടിയിൽ 2 മീറ്റർ ആഴത്തിലുള്ള ട്രഞ്ചുകളിലാണ് സ്ഥാപിക്കുന്നത്. അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് പൈപ്പ് ലൈനിന്റെ സംരക്ഷണം പൂർണ്ണമായി ഉറപ്പുവരുത്തുന്നു. ജനങ്ങളുടെ ആശങ്കകളും തെറ്റിദ്ധാരണകളും ദൂരീകരിക്കുന്നതിനായി പൈപ്പ് ലൈൻ കടന്നുപോകുന്ന റൂട്ടിലുള്ള പഞ്ചായത്തുകൾ തോറും ബോധവൽക്കരണം നടത്തുന്നുണ്ട്. കൂടാതെ ദൃശ്യമാധ്യമങ്ങളിലൂടെയും, പത്രപരസ്യങ്ങളിലൂടെയും, ലഘുലേഖകൾ മുഖേനയും, എഫ്.എം റേഡിയോ വഴിയും, ഗ്യാസ് പൈപ്പ് ലൈനിന്റെ സുരക്ഷയെക്കുറിച്ചും പദ്ധതി നിലവിൽ വരുന്നതിലൂടെ സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങളെ കുറിച്ചുമുള്ള വിവരങ്ങൾ പ്രചരിപ്പിച്ചിട്ടുണ്ട്. പൈപ്പ് ലൈനിന്റെ സുരക്ഷയെക്കുറിച്ചുള്ള ജനങ്ങളുടെ ആശങ്ക അകറ്റുന്നതിന്, ഒരു വിദഗ്ദ്ധ പബ്ലിക് റിലേഷൻസ് ഏജൻസിയെ ചുമതലപ്പെടുത്തുകയും, വിവിധ മാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തി വരികയും ചെയ്യുന്നു.

വാതക പൈപ്പ്ലൈൻ പദ്ധതിക്കുവേണ്ടി സ്ഥലത്തിന്റെ ഉപയോഗാവകാശം (RoU) മാത്രമാണ് ഗെയിൽ ഏറ്റെടുക്കുന്നത്. ഭൂമിയുടെ ഉടമസ്ഥാവകാശം ഭൂവുടമയിൽ തന്നെ നിക്ഷിപ്തമാണ്. നഷ്ടപരിഹാരം രണ്ടു ഘട്ടങ്ങളിലായാണ് നൽകുന്നത്. 1. വിളകളുടെ നഷ്ടപരിഹാരം, 2. സ്ഥലത്തിന്റെ നഷ്ടപരിഹാരം. വിളകൾക്ക് കോംപിറ്റന്റ് അതോറിറ്റി നിശ്ചയിച്ചിരിക്കുന്ന വിലയും, സ്ഥലത്തിന് ന്യായവിലയുടെ 50% വും നഷ്ടപരിഹാരമായി നൽകുന്നതിന് വ്യവസ്ഥ നിലവിലുണ്ട്. എന്നാൽ സ്ഥലവിലയുടെ കാര്യത്തിൽ സ്ഥലമുടമകൾക്ക് വേണ്ടത്ര നഷ്ടപരിഹാരം ലഭിക്കുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ